**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5466** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിൽ കുടുംബശ്രീ അംഗങ്ങൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര മേഖലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുന്നുവെന്നും കുടുംബശ്രീ അംഗങ്ങൾക്ക് കന്നു കിടാരികളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (എ) | ക്ഷീരവികസന വകുപ്പിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷി, കിടാരി പാർക്ക് എന്നീ പദ്ധതികൾ കുടുംബശ്രീ അംഗങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. സ്വയം സഹായ സംഘങ്ങൾക്കും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും, വ്യക്തികൾക്കും ഈ പദ്ധതി നടത്താവുന്നതാണ്. 2022-23 വർഷം 90 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന ക്ഷീരമേഖലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പിന്തുണ നൽകുന്നതിലേയ്ക്ക് ക്ഷീരസാഗരം എന്ന പദ്ധതി കുടുംബശ്രീ മുഖേന നടത്തുന്നുണ്ട്. ആദ്യഘട്ടത്തിൽ, ബഹുവർഷ പദ്ധതി രീതിയിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ 10 അംഗങ്ങൾക്ക് ക്ഷീരമേഖലയിൽ കറവപ്പശുക്കളെ വാങ്ങുന്നതിന് ബാങ്ക്ലോൺ തുകയ്ക്കനുസൃതമായി സബ്സിഡി അനുവദിക്കുന്നു. 5 അംഗങ്ങളുള്ള ഒരു ഗ്രൂപ്പ് യൂണിറ്റിന് 2,18,750/- രൂപ (പ്രോജക്ട് തുകയുടെ 35%) വരെ 10 പശുക്കളെ വാങ്ങുന്നതിലേയ്ക്ക് ബാങ്ക് ലോൺ അക്കൗണ്ടിലേയ്ക്ക് സബ്സിഡി അനുവദിക്കുന്നു.<br><br>കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലെപ്മെന്റ് സൊസൈറ്റി വഴി 4% പലിശയ്ക്ക് 50,000/- രൂപ വരെ വായ്പ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടായി കറവപ്പശുവിനെ വാങ്ങുന്നതിന് ലഭ്യമാണ്. ഇതുകൂടാതെ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് നൈപുണ്യ വികസന പരിശീലന പിന്തുണകളും കർഷകർക്ക് നൽകുന്നുണ്ട്. നിലവിൽ 1878 പശുവളർത്തൽ യൂണിറ്റുകളിലായി 9372 അംഗങ്ങൾ കുടുംബശ്രീ സബ്സിഡി പിന്തുണയോടെ ക്ഷീരമേഖലയിൽ ഉപജീവന പ്രവർത്തനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ